4301 B. C1
Provide copies to ... upload in website
18.11.2017

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് **100** ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3687/2017/തസ്വഭവ            തിരുവനന്തപുരം, തീയതി 15.11.2017

പരാമർശം :- 1.) 03.04.2017 ലെ സ.ഉ ( എം എസ്) നമ്പർ 80/2017/തസ്വഭവ
2) 03.10.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 3.5

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം ഉത്തരവായിട്ടുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പ്രകാരം സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 50 ശതമാനമാണ് സബ്സിഡിയായി നല്കാവുന്നത്. പരാമർശം 2 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ ആയത് ഉറപ്പാക്കേണ്ടതും ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സിന്ധു എൽ
ഗവ സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ